മി. സ്പീക്കർ: ബഹുമാനപ്പെട്ട മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രിക്ക് ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണം നൽകാവുന്നതാണ്. അതിനു മുമ്പ് ഒരു കാര്യം പറയട്ടെ, ഈ കാര്യത്തിൽ സഭയിൽ ഉയർന്നു വന്ന കാര്യത്തെ സംബന്ധിച്ച് ചട്ടം 288 പ്രകാരം വിശദീകരിക്കാൻ മതിയായ അവസരം ഇരുവിഭാഗത്തിനും അനുവദിച്ചു കഴിഞ്ഞതായിട്ടാണ് ചെയർ മനസ്സിലാക്കുന്നത്. ഇനി ഇതിനുശേഷം കൂടുതൽ കാര്യങ്ങൾ സഭയിൽ വിശദീകരിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. അങ്ങേയ്ക്ക് ചുരുക്കിപ്പറയാം.

## വ്യക്തിപരമായ വിശദീകരണം

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഇന്ന് ബഹുമാന്യനായ അംഗം ശ്രീ. വി. ഡി. സതീശൻ സഭയിൽ ചില വിശദീകരണങ്ങൾ നൽകുകയുണ്ടായി. ഇന്നലെ നടത്തിയ വിശദീകരണത്തിൽ ഗവൺമെന്റ് ഉത്തരവ് ഇല്ലായെന്ന് പറഞ്ഞു, ....എന്നാണ് അദ്ദേഹം പറഞ്ഞത്. അത് അദ്ദേഹം ഞാൻ പറഞ്ഞത് വായിച്ച് നോക്കാതെ പറയുന്നതാണ്. അദ്ദേഹം ആദ്യം രണ്ട് ഉത്തരവുകളെടുത്ത് കാട്ടിയിട്ട്, ഗവൺമെന്റ് പർച്ചേസ് ഓർഡർ

നൽകി എന്ന് പറഞ്ഞിരുന്നു. ഗവൺമെന്റിന് പർച്ചേസ് ഓർഡർ നൽകേണ്ടതില്ല. ഗവൺമെന്റ് ഇ-ടെണ്ടറിന്റെ മാനദണ്ഡങ്ങൾ നിശ്ചയിച്ച് കൊടുത്ത് നാല് ഉത്തരവുകൾ ഇറക്കിയിരുന്നു. അത് ഗവൺമെന്റ് ജി.ഒ. ആണ്. അത് പരസ്യമാണ്, ഒരു രഹസ്യമല്ല. അതിൽ രണ്ട് ജി.ഒ. എടുത്ത് ഉയർത്തിപിടിച്ചാണ് പർച്ചേസ് ഓർഡറിനെക്കുറിച്ച് അദ്ദേഹം തെറ്റായി ധരിപ്പിച്ചത്. ആ രണ്ട് ജി.ഒ.-യിൽ ആദ്യത്തെ ജി.ഒ., വിദേശത്തുനിന്നും ഹൈ സീസ് സെയിൽ നടത്തുമ്പോഴുള്ള തോട്ടണ്ടി ലഭ്യമല്ലാത്തതുകൊണ്ട് ലോക്കൽ പർച്ചേസ് ആകാം എന്നുമാത്രമാണ് അതിനകത്ത് പറയുന്നത്. രണ്ടാമത് അദ്ദേഹം ചൂണ്ടിക്കാണിച്ച ഉത്തരവെന്ന് പറയുന്നത്, ഇ-ടെണ്ടർ പ്രോസസ് എങ്ങനെയൊക്കെ ആയിരിക്കണം. അതിനെ അദ്ദേഹം ദുർവ്യാഖ്യാനിച്ചുകൊണ്ട് ഒർജിൻ ഏതെന്ന് സെൽഫ് സർട്ടിഫിക്കറ്റ് ചെയ്യണമെന്ന വ്യവസ്ഥയെ, കട്ടിംഗ് ടെസ്റ്റിന് തോട്ടണ്ടി തരുന്നതാരാണോ അവരെത്തന്നെ നിയോഗിച്ചുവെന്നാണ് അദ്ദേഹമിവിടെ പറഞ്ഞത്. അത് തെറ്റായ കാര്യമാണ്. കണ്ടീഷനിൽ തന്നെ ഒർജിൻ ഡിക്ലയർ ചെയ്യാനുള്ള വ്യവസ്ഥയും കട്ടിംഗ് ടെസ്റ്റ് ആർക്കാണ് നടത്തേണ്ടതെന്ന വ്യവസ്ഥയും അവിടെ പറയുന്നുണ്ട്. അദ്ദേഹം വ്യാഖ്യാനിക്കുന്നത് ആദ്യത്തെ കട്ടിംഗ് ടെസ്റ്റ്, രണ്ടാമത്തെ കട്ടിംഗ് ടെസ്റ്റ് എന്നാണ്. അങ്ങനെയൊരു കട്ടിംഗ് ടെസ്റ്റില്ല. ഒരു കട്ടിംഗ് ടെസ്റ്റേയുള്ളൂ. കൃത്യമാണ് അതിലെ വ്യവസ്ഥ. ആ വ്യവസ്ഥയുടെ

ഉത്തരവിനെ ചൂണ്ടിക്കാട്ടി പർച്ചേസ് ഓർഡറെന്ന് പറഞ്ഞതാണ് ശരിയല്ലായെന്ന് ഞാൻ പറഞ്ഞത്. ഞാൻ തൊട്ട് തലേദിവസത്തെ വിശദീകരണത്തിൽ കൃത്യമായി 22/07-ലെ ഉത്തരവും 01/08-ലെ ഉത്തരവും ഇവിടെ ചൂണ്ടിക്കാട്ടി. ഇന്നിപ്പോൾ അദ്ദേഹം വിശദീകരണം നടത്തിയത്, ഗവൺമെന്റ് ഉത്തരവ് അല്ലായെന്ന് ഞാൻ പറഞ്ഞുവെന്നാണ്. ആ ഉത്തരവാണ് എന്ന് പറഞ്ഞതിനെ ഗവൺമെന്റ് ഉത്തരവല്ല, ദെ ഗവൺമെന്റ് ഉത്തരവ് എന്നുപറയേണ്ട കാര്യമില്ല. ഗവൺമെന്റ് ഉത്തരവുതന്നെയാണ്. അപ്പോൾ ഗവൺമെന്റ് ഉത്തരവിൽ പറഞ്ഞ കാര്യം ഇതാണ്, അദ്ദേഹം വ്യാഖ്യാനിച്ചതല്ല സത്യമെന്ന് മാത്രമാണ് ഞാനിവിടെ വിശദീകരിച്ചത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഒരുപാട് സമയം കളയേണ്ട ആവശ്യമില്ല. എന്നാൽ അദ്ദേഹം പറഞ്ഞു, കോർപ്പറേഷൻ ജി. ബി. എന്ന വെറൈറ്റി കിട്ടിയിട്ട് അത് വാങ്ങിയില്ലെന്ന്. അത് വസ്തുതാവിരുദ്ധമാണ്. ആദ്യത്തേതിനകത്ത് പറയുന്നത് ഒർജിനെക്കുറിച്ച് അദ്ദേഹത്തിന് അറിയാത്തതു കൊണ്ടാണെന്നാണ് ഞാൻ കരുതിയത്. ഇപ്പോൾ എനിക്ക് മനസ്സിലായി അദ്ദേഹം ബോധപൂർവ്വം വളച്ചൊടിച്ച് തെറ്റിദ്ധരിപ്പിക്കുകയാണ് എന്ന്. അതിനെപ്പറ്റി അറിയാത്തതുകൊണ്ടല്ല, ബോധപൂർവ്വം പറയുന്നതാണ്. ഇവിടെ കോർപ്പറേഷൻ ജി.ബി.യുടെ (Guinea Bissau) ഒർജിന്റെ തോട്ടണ്ടി

ക്വട്ടേഷൻ കിട്ടിയത് റിജക്ട് ചെയ്തിട്ടില്ല. ആദ്യം ഐവറി കോസ്റ്റിന്റേതാണ് റിജക്ട് ചെയ്തത്. ഈ ഗവൺമെന്റ് വന്ന്, മൂന്നാമത്തെ ടെണ്ടർ, ആദ്യത്തെ രണ്ട് ടെണ്ടറിലും ഒരു ക്വട്ടേഷനും കിട്ടിയില്ല. മൂന്നാമത്തെ ടെണ്ടർ കിട്ടിയത് ഐവറി കോസ്റ്റാണ്. ഗുണനിലവാരത്തിന്റെ പേരിലും വിലക്കൂടുതൽകൊണ്ടും അത് റിജക്ട് ചെയ്തു. പിന്നീട് ജി. ബി. വന്നു. ആദ്യമായി കോർപ്പറേഷനുകിട്ടിയ ആ ജി.ബി. തന്നെ ഉറപ്പിച്ചു. അപ്പോൾ ആദ്യം കിട്ടിയതിനെ തള്ളി പിന്നെ രണ്ടാമത് എടുത്തുവെന്നാണ് അദ്ദേഹം വ്യാഖ്യാനിച്ചത്. കാപ്പക്സിന്റെ ടെണ്ടറിനേയും ഇതിനേയുമാണ് പത്തുദിവസം എന്ന് അദ്ദേഹമിവിടെ താരതമ്യം ചെയ്തത്. കോർപ്പറേഷന് 18/02-ന് എന്നുവച്ചാൽ ജൂലൈ മാസം കിട്ടിയതിനുശേഷം 02/08-ൽ സെപ്റ്റംബർ മാസത്തിൽ മാത്രമാണ് പിന്നീട് ക്വട്ടേഷൻ വരുന്നത്. ഇവിടെയുള്ള വ്യത്യാസമെന്ന് പറയുന്നത്,.... ഡോളർ റേറ്റായിരുന്നു കഴിഞ്ഞ പ്രാവശ്യം ഇവിടെ തെറ്റിദ്ധരിപ്പിച്ച ഒരു പ്രധാനപ്പെട്ട കാര്യം. അതിനെക്കുറിച്ച് ഞാൻ പറയാം. കാപ്പക്സിന് കിട്ടിയിരുന്ന 1886 ഡോളറിന്റേത് കുറഞ്ഞ റേറ്റാണെന്നും 142 രൂപ കൊടുത്ത് അതേസമയം കോർപ്പറേഷൻ ഏതാനും ഒരാഴ്ച കഴിഞ്ഞ് വാങ്ങിയെന്നുമാണ് അദ്ദേഹം ഉന്നയിച്ച ആക്ഷേപം. ആ പറയുന്ന റേറ്റിൽതന്നെ ഉദ്ധരിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. 1886 ഡോളർ ജൂലൈ 16-ന് ആണ് കാപ്പക്സിന്റെ

ടെണ്ടർ, അത് ഹൈ സീസ് സെയിലാണ്. ഹൈ സീസ് സെയിലെന്ന് പറഞ്ഞാൽ അത് നാട്ടിലേയ്ക്ക് വന്നാൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള ഇംപോർട്ട് ഡ്യൂട്ടി കൊടുക്കണം. ആ ഇംപോർട്ട് ഡ്യൂട്ടിയെന്ന് പറയുന്നത് ആയിരം ടണ്ണിന്റെ പുറത്ത് 176 ഡോളർവരും. അതിനെ പോർട്ടിൽ കൊണ്ടുവരുമ്പോൾ ക്ലിയറൻസ് ചാർജായി 33.5 ഡോളർ വരും. അപ്പോൾ ഈ 1886 ഡോളറിന് കാപ്പക്സ് ക്വാട്ട് ചെയ്തത് അതിനെ ഡോളർ റേറ്റിലേയ്ക്ക് മാറ്റിയാൽ കാപ്പക്സ് അന്ന് വാങ്ങിയിരുന്നുവെങ്കിൽ അതിന് 2095 ഡോളർ വിലവരും. എന്നാൽ പിന്നീട് കോർപ്പറേഷൻ നടത്തിയ...(ബഹളം).. അത് വാങ്ങിയില്ല. ആ കാലത്തെ വിലയുമായി നോക്കുമ്പോൾ അത് അധികമാണെന്ന് പറഞ്ഞ് റിജക്ട് ചെയ്തു. ഒരാഴ്ച കഴിഞ്ഞപ്പോൾ കോർപ്പറേഷന്റെ ആദ്യ ടെണ്ടറിൽ, ഈ ജി.ബി. വരുന്ന ആദ്യത്തെ ടെണ്ടറാണ്. സി.വി.സി.യുടെതന്നെ മാനദണ്ഡമുണ്ട്. സി.വി.സി.യുടെ മാനദണ്ഡം ഇ-ടെണ്ടറിന് ആൾ ഇന്ത്യ പാറ്റേണാണ്. കേരളത്തിന് മാത്രം ഒരു പാറ്റേണല്ല. ആൾ ഇന്ത്യാ പാറ്റേണിൽ ആദ്യത്തെ മൂന്ന് പ്രാവശ്യവും എടുക്കാൻ കഴിയില്ലായെങ്കിൽ, ആദ്യത്തെ രണ്ട് പ്രാവശ്യവും ഒരാളുമില്ല. പിന്നീട് കുറഞ്ഞ തോട്ടണ്ടിക്ക് ഒരാളെയുള്ളൂ. രണ്ടാമത് ജി. ബി. കിട്ടിയത് നാലാമത്തെ പ്രാവശ്യമാണ്. അതെടുക്കാം, സി.വി.സി.-യുടെ മാനദണ്ഡം അനുസരിച്ചുതന്നെ

എടുക്കാം. അത് അങ്ങനെയാണ് എടുത്തത്. അത് ലോക്കൽ പർച്ചേസാണ്. ലോക്കൽ പർച്ചേസെന്ന് പറയുമ്പോൾ ഹൈ സീസ് സെയിലിനകത്ത് ഇല്ലാത്ത ഇംപോർട്ട് ഡ്യൂട്ടിയും ക്ലിയറൻസ് ചാർജ്ജുമെല്ലാം ഉൾക്കൊള്ളും. അങ്ങനെ ക്ലിയറൻസ് ചാർജെല്ലാം ഉൾക്കൊണ്ട് 142/- രൂപയ്ക്ക് വാങ്ങിയത് കട്ടിംഗ് ടെസ്റ്റ് നടത്തുമ്പോൾ നമുക്ക് 135/- രൂപയെ ആയിട്ടുള്ളൂ. അതിനെ ശ്രീ. വി. ഡി. സതീശൻ പറയുന്ന തരത്തിൽ ഡോളർ റേറ്റിലേയ്ക്ക് മാറ്റിയാൽ, ആ ഡോളർ റേറ്റിലേയ്ക്ക് മാറ്റുമ്പോൾ 2017 ഡോളറെ വരുന്നുള്ളൂ. ഒരാഴ്ചയ്ക്ക് മുമ്പ് കാപ്പക്സിന് ക്വാട്ട് ചെയ്ത് റിജക്ട് ചെയ്തതിന് 2095 ഡോളർ വരും. ഈ 1886 ഡോളർ മാത്രമല്ല. അതിന്റെ ഇംപോർട്ട് ഡ്യൂട്ടിയും മറ്റുമെല്ലാം വരുമ്പോൾ, നാട്ടിൽ, ഫാക്ടറി പടിക്കൽ സംഗതിയെത്തുമ്പോൾ 2095 ഡോളറാണ്. നമ്മൾ രണ്ടാമത് വാങ്ങുമ്പോൾ ഫാക്ടറി പടിക്കൽ സാധനമെത്തുമ്പോൾ 2017 ഡോളറേയുള്ളൂ. എന്നുപറഞ്ഞാൽ 78 ഡോളർ കുറവ്. ഞാൻ അന്നിവിടെ പറഞ്ഞത് ലോക്കൽ പർച്ചേസാണ് നടത്തിയത്, ഹൈ സീസ് സെയിലല്ല. ഹൈ സീസ് സെയിലിനകത്ത് ഇറക്കുമതി ചെയ്യുമ്പോൾ വരുന്ന വ്യത്യസ്തത അറിയാത്തതുകൊണ്ടല്ല xxxxxxxxx xxxxxxxxxxxxxxxx xxxxxxxxxxx xxxxxxxxxxxxxxxxxxxxxxxxxxxxx xxxxxxxx xxxxxxxx + ബോധപൂർവ്വമായി അഴിമതിയാരോപണം ഉന്നയിക്കുകയാണ്. ആ അഴിമതി

+ സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

ആരോപണമെന്ന് പറയുന്നത് . . .

(ബഹളം..)

<u>ശ്രീ. പി. റ്റി. തോമസ്</u>: സർ, ചർച്ചയിൽ സ്ഥാപിത താൽപ്പര്യക്കാർക്കുവേണ്ടി എന്ന് മന്ത്രി പറഞ്ഞു. ചട്ട പ്രകാരം അത് പാടില്ല. അതിന്റെ പശ്ചാത്തലത്തിൽ ചർച്ച വേണം. അതിന് വിശദീകരണം പറയണം. അങ്ങ് അനുവദിക്കണം. ......(ബഹളം..)...........

<u>മി. സ്പീക്കർ</u>: ചട്ടം 288 അനുസരിച്ച് ചർച്ചയില്ല. ഒരു നിർവ്വാഹവുമില്ല. ഞാൻ രാവിലെ അദ്ദേഹം പറഞ്ഞതും കേട്ടിരുന്നു. രാവിലെ അദ്ദേഹം നടത്തിയ കൺക്ലൂഷൻ ഞാൻ കേട്ടിരുന്നു. ദയവായി അംഗങ്ങൾ സീറ്റിലിരിക്കണം. പ്ലീസ്...

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> : 1.75 കോടി ...(ബഹളം)...... അദ്ദേഹം പറഞ്ഞത് നിലനിൽക്കുന്ന ആരോപണമല്ല. ഒരു കാര്യം കൂടി പറയുവാൻ ഞാൻ ആവർത്തിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം കാഷ്യൂ കോർപ്പറേഷനിൽ

നടന്ന അഴിമതി ഈ ഗവൺമെന്റിന്റെ കാലത്ത് നടക്കാൻ അനുവദിക്കില്ല. ...(ബഹളം).....ഒരാളേയും ഒരു തരത്തിലും അഴിമതി നടത്താൻ അനുവദിക്കുന്ന പ്രശ്നമേയില്ല....(ബഹളം)..... കാഷ്യൂ കോർപ്പറേഷൻ തുറക്കരുതെന്ന് ആഗ്രഹിച്ച സ്വകാര്യ ലോബികളുടെ ഇംഗിതത്തിന് വിരുദ്ധമായി അവർക്കുണ്ടായ മോഹഭംഗമാണ് സതീശൻ ഇവിടെ ആവർത്തിച്ച് ആക്ഷേപമുന്നയിക്കുന്നത്. ...(ബഹളം).....ശ്രീ. വി. ഡി. സതീശൻ ഇവിടെ ആവർത്തിച്ച് ആക്ഷേപം ഉന്നയിക്കുന്നതിന്റെ അടിത്തറ നഷ്ടത്തിന്റെ പേരിലല്ല. ഞാൻ ഒരു കാര്യം കൂടി ആവർത്തിക്കുന്നു. ഈ കഴിഞ്ഞതും പിന്നീടുള്ളതുമായ പർച്ചേസ് ഓർഡറുകൾ തമ്മിലുള്ള വ്യത്യാസം ഒരു കാലത്തും നഷ്ടത്തിന്റേയോ.......(ബഹളം)....... അങ്ങനെയല്ല നഷ്ടവും ലാഭവും കണക്കാക്കുന്നത്. എടുത്ത തോട്ടണ്ടി വിൽക്കുന്നതും പരിപ്പുമായി ബന്ധപ്പെട്ടാണ് നഷ്ടലാഭങ്ങൾ പറയുന്നത്. ഒരു കാര്യം ഞാൻ പറയുവാൻ ആഗ്രഹിക്കുന്നു കഴിഞ്ഞ അഞ്ചുവർഷക്കാലം കോർപ്പറേഷനിൽ നടന്ന തീവെട്ടിക്കൊള്ള ഈ ഗവൺമെന്റിന്റെ കാലത്ത്

അനുവദിക്കുന്ന പ്രശ്നമേയില്ല....

<u>മി. സ്പീക്കർ</u> : ഇല്ല ചർച്ചയില്ല. ദയവായി നിങ്ങൾ സീറ്റിലിരിക്കൂ.

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: കൊല്ലത്തെ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാൻ ഈ ഗവൺമെന്റെടുത്ത നിലപാടിനെതിരായി മോഹഭംഗം വന്ന മുതലാളിമാരുടെ വിടുപണി ചെയ്ത് ഇവിടെ നടത്തുന്ന ആക്ഷേപങ്ങൾ, അത് കൊല്ലത്തെ ജനങ്ങൾ തള്ളിക്കളയും ശ്രീ. വി. ഡി. സതീശന് മാപ്പ് പറയേണ്ടിവരും. കൊല്ലത്തെ തൊഴിലാളികളോട് സതീശന് മാപ്പ് പറയേണ്ടിവരും എന്നുമാത്രം ഞാൻ പറയുകയാണ്.

<u>ശ്രീ. പി. റ്റി. തോമസ്</u>: സർ, ചട്ടം 287 അനുസരിച്ച് ചർച്ച ചെയ്ത വിഷയത്തിൽ മെമ്പർക്ക് സംസാരിക്കാൻ അവകാശമുണ്ട്. ...(ബഹളം).....

<u>മി. സ്പീക്കർ</u>: ഇത് ചട്ടം 288 ആണ്. അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ എഴുതിത്തന്നോളൂ. ഞാൻ ഒരു കാര്യം പറഞ്ഞോട്ടെ,

രാവിലെ ശ്രീ. വി. ഡി. സതീശന്റെ പ്രസംഗവും വിശദീകരണവും കേട്ടു. അദ്ദേഹത്തിന്റെ കൺക്ലൂഷൻ എങ്ങനെയാണുണ്ടായിരുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. നിങ്ങൾ ഈ ചെയ്യുന്നത് ശരിയല്ല. ചർച്ച ചെയ്യാൻ നിങ്ങൾ എന്തെങ്കിലും നോട്ടീസ് തന്നിട്ടുണ്ടോ? എഴുതിത്തരാതെ എഴുന്നേറ്റുനിന്നാൽ ചർച്ച ചെയ്യാൻ പറ്റുമോ? ഇതിനെല്ലാം ചില നടപടിക്രമങ്ങളില്ലേ? ഇത് ആദ്യമായിട്ടാണോ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ സഭയിൽ ആരോപണമുയരുന്നത്? ഒരു ആരോപണം വന്നാൽ അത് വീണ്ടും വീണ്ടും അങ്ങോട്ടുമിങ്ങോട്ടും ഡിബേറ്റ് ചെയ്യലാണോ?

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ 288 അനുസരിച്ച് പേഴ്സണൽ എക്സ്പ്ലനേഷൻ അങ്ങ് കൊടുക്കുന്നതിൽ ഒരപാകതയുമില്ല. പക്ഷേ ബഹുമാന്യയായ മന്ത്രി തന്റെ വ്യക്തിപരമായ വിശദീകരണത്തിന് പകരം മറ്റൊരംഗത്തിനെതിരെ ഗുരുതരമായ ആരോപണമുന്നയിച്ചിരിക്കുകയാണ്. അതാണ് ഇവിടെ പ്രശ്നം. അത്

ശരിയാണോ? അത് ഒരിക്കലും ന്യായീകരിക്കാൻ കഴിയുന്നതല്ല. Xxxxxxxx xxxxxxxxxxxxxxxxxxxxxxxxxxxxxxxxxx xxxxxxxxxxxxxxxxx xxxxxxxxxxxxx xxxxxxxxxxxxxxxxxx xxxxxxxxxxxxxxxxxxx xxxxxxxxxxxx[+] അതിന് അംഗത്തിനെതിരെ ഇവിടെ ഉന്നയിച്ച കാര്യങ്ങൾ, ഒരംഗം ഒരാരോപണം ഉന്നയിക്കുമ്പോൾ അദ്ദേഹത്തിന്റെ ഉദ്ദേശ ശുദ്ധിയെ ചോദ്യം ചെയ്യുകയാണ്. അങ്ങനെയുള്ള ഭാഗങ്ങൾ സഭാനടപടികളിൽ ഉണ്ടാകാൻ പാടില്ല. മന്ത്രിക്ക് പേഴ്സണൽ എക്സ്പ്ലനേഷൻ കൊടുക്കാം. ആ നടപടി ശരിയല്ല. അങ്ങത് പരിശോധിക്കണം. അത് സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: പരിശോധിക്കാം.

---

\+ സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.